പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3647 — 15.07.2015 ന് മറുപടിയ്ക്ക്.

## അങ്കമാലി ഇൻകെൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി ഇൻകെല്ലിൽ തൊഴിൽ വകുപ്പ് മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതികളുടെ ലക്ഷ്യം എന്തെന്നും വിശദമാക്കാമോ; | (ബി) ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകെല്ലിൽ 1,33,500 sq.ft built up space Lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ് ഓയിൽ & റിഗ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, ബാങ്കിംഗ് ആന്റ് ഫിനാൻസ്, ടീച്ചിംഗ്, പരമ്പരാഗത മേഖലകളായ ഹാൻഡ്‌ലൂം, ഫിഷറി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. പ്രസ്തുത തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്ര പരിശീലനം നൽകി അതിവിദഗ്ധ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് മേൽ പറഞ്ഞ പദ്ധതികളുടെ ലക്ഷ്യം. |
| (സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) ഓയിൽ & റിഗ്, സെക്യൂരിറ്റി എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങുന്നതിനു പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും, പരിശീലനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ തുടങ്ങി പുതിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു പങ്കാളികളെ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ